പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2098 **26-10-2026-ൽ മറുപടിയ്ക്ക്**

കണ്ണൂർ കന്റോൺമെന്റ് ബോർഡ് ലയനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി .ഒ. മോഹനൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) രാജ്യത്തെ കന്റോൺമെന്റ് ബോർഡുകളുടെ സിവിൽ പ്രദേശങ്ങൾ മുൻസിപ്പൽ കോർപ്പറേഷനുകളുമായി ലയിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി കണ്ണൂർ കന്റോൺമെന്റ് പ്രദേശം കണ്ണൂർ കോർപ്പറേഷനുമായി ലയിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ലഭിച്ച നിർദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(ബി) ഈ ലയന പ്രക്രിയ സുഗമമാക്കുന്നതിനും കന്റോൺമെന്റ് പരിധിയിലെ പ്രദേശവാസികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(സി) ലയനം പൂർത്തിയാകുന്നതുവരെ കന്റോൺമെന്റ് പരിധിയിലെ ജനങ്ങളുടെ കുടിവെള്ളം, റോഡ് വികസനം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കാൻ പ്രത്യേക ഫണ്ട് അനുവദിക്കുമോ?

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ